സാഹിത്യവാരഫലം

2002/05/31 (സമകാലികമലയാളം)

എം. കൃഷ്ണൻ നായർ

Copyright © 2014-2021, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

2002/05/31-ൽ സമകാലികമലയാളം വാരികയിൽ പ്രസിദ്ധീകരിച്ചത്.

കാർലോസ് ഫ്വേൻതേസ്

രാഷ്ട്രാന്തരീയ പ്രശസ്തിയുള്ള മെക്സിക്കൻ നോവലിസ്റ്റാണ് കാർലോസ് ഫ്വേൻതേസ് (Carlos Fuentes b 1928). അദ്ദേഹത്തിന്റെ പുതിയ നോവൽ പ്രസിദ്ധപ്പെടുത്തിയെന്ന് അറിഞ്ഞാൽ സഹൃദയർ അതിനുവേണ്ടി പരക്കം പായുന്നു. എന്തു വിലകൊടുത്തും അതു വാങ്ങുന്നു; വായിക്കുന്നു. പക്ഷേ, ഈ ലേഖനമെഴുതുന്ന ആളിന് ഫ്വേൻതേസിന്റെ ചെറുകഥകളും നോവലുകളും ഇഷ്ടമല്ല. സാഹിത്യാഭിരുചിയുടെ സാർവ്വലൗകികസ്വഭാവം—കത്തലിസിറ്റി—ഇല്ലാത്തതാണോ ആ ഇഷ്ടക്കേടിനു കാരണമെന്ന് ഞാൻ ആലോചിച്ചു നോക്കിയിട്ടുണ്ട്. അതല്ല. സാരാമാഗുവിന്റെ നോവലുകൾ വായിച്ചു രസിക്കുന്ന എനിക്ക് അഭിരുചിയുടെ സങ്കുചിതത്വമില്ല; സാർവ്വലൗകികസ്വഭാവമുണ്ട് താനും. ആ ചിന്തയോടെ ഞാൻ ഫ്വേൻതേസിന്റെ നോവലുകൾ വീണ്ടും നോക്കി. അദ്ദേഹത്തിന്റെ കാലത്തിന്റെയും സ്ഥലത്തിന്റെ ‘ഔറ’ എന്ന നീണ്ടകഥ നോക്കുക. ഫ്രാൻസിൽ വച്ചു മരിച്ച ഒരു മെക്സിക്കൻ ജനറലിന്റെ ജീവചരിത്രം സമ്പൂർണ്ണമാക്കാൻ അയാളുടെ ഭാര്യക്ക് ഒരെഴുത്തുകാരനെ വേണം. പരസ്യം കണ്ട് അയാൾ എത്തി. ആ വീട്ടിൽ ജനറലിന്റെ ഭാര്യക്കുപുറമേ ഔറ എന്ന സുന്ദരിയായ ചെറുപ്പക്കാരിയുമുണ്ട്. എഴുത്തുകാരനും അവളും നിശാവേളകളിൽ ഒരുമിച്ചു കിടന്നു. ഒടുവിൽ എഴുത്തുകാരൻ മനസ്സിലാക്കി വൃദ്ധയുടെ ചെറുപ്പത്തിലെ രൂപമാണ് ഔറയെന്ന്. താൻ ജനറലാണെന്നും. കഥ മുഴുവൻ ഞാൻ എഴുതുന്നില്ല. വൃദ്ധയുടെ ചുക്കിച്ചുളിഞ്ഞ കവിളിൽ എഴുത്തുകാരൻ ചുംബിക്കുമ്പോൾ കഥ അവസാനിക്കുന്നു. വിശ്വാസ്യത ഇല്ലാത്ത ഒരു ഭ്രമകല്പനയാണിത്. ഫ്വേൻതേസിന്റെ മറ്റു നോവലുകൾക്കും ഈ തദ്ദേശപരിധികളെ ലംഘിക്കാനാവുന്നില്ല. അദ്ദേഹത്തിന്റെ പുതിയ നോവലായ “The Years with Lawra Diaz” എന്നതിനും ഈ ദോഷമുണ്ട്.

സങ്കീർണ്ണവും ഭീകരവുമായ മെക്സിക്കൻ ചരിത്രത്തെ ലോറ ദിയാസ് (Lawra Diaz) എന്ന സ്ത്രീയിലൂടെ ചിത്രീകരിക്കാനാണ് ഫ്വേൻതേസിന്റെ യത്നം. അന്തസ്സ്, അഭിമാനം ഇവയൊക്കെ ഉള്ളവളാണ് ലോറ. അത് പാരമ്പര്യസിദ്ധവുമാണ്. ലോറയുടെ മുത്തശ്ശി മെക്സിക്കോ സിറ്റിയിലേക്കു കുതിരവണ്ടിയിൽ സഞ്ചരിക്കുകയായിരുന്നു 1860-നോട് അടുപ്പിച്ച്. ഒരു കൂട്ടം കവർച്ചക്കാർ അവരുടെ മുൻപിലെത്തി. അവരുടെ നേതാവ് മുത്തശ്ശിയോടു പറഞ്ഞു. “നിങ്ങളുടെ മോതിരങ്ങൾ എനിക്കു തരൂ” അവരുടെ മറുപടി: “വിരലുകൾ മുറിച്ചെടുക്കൂ അവവേണമെങ്കിൽ” നേതാവിന്റെ കത്തികൊണ്ട് ഒറ്റ വെട്ട്. ആ സ്ത്രീയുടെ നാലുവിരലുകൾ അറ്റുപോയി. അതും വലതു കൈയുടെ വിരലുകൾ. അവർ ഇമ ചിമ്മിയതുപോലുമില്ല. കൊള്ളക്കാരൻ തലയിൽ കെട്ടിയിരുന്ന ചുവന്ന തുണി അഴിച്ചുകൊടുത്തു ആ മുറിവ് കെട്ടാനായി. അയാൾ അവരുടെ നാലു വിരലുകളും തൊപ്പിക്കകത്ത് ഇട്ടു. പിന്നീട് അയാൾ തൊപ്പി തലയിൽ വച്ചപ്പോൾ മുഖത്തിലൂടെ രക്തമൊഴികി. ഈ സംഭവം അറിഞ്ഞ ലോറ സ്വന്തം കുഞ്ഞിക്കൈകളിലേക്ക് നോക്കി. അവൾ പിന്നീട് അവ ഉടുപ്പിനകത്ത് ഒളിച്ചുവച്ചു അവിശ്വസനീയമായ സംഭവം. ഇതു റിയലിസമല്ല, മാജിക് റിയലിസമല്ല. ഏതോ ട്രിക്കിലൂടെ ഫ്വേൻതേസ് വായനക്കാരെ മലർത്തിയടിക്കുകയാണ്.

ലോറ യുവതിയായി രാഷ്ട്രവ്യവഹാര മണ്ഡലത്തിൽ പ്രവർത്തിക്കുമ്പോൾ പൊർഫീർയോ ദീആസ് (Porfirio Diaz) ആയിരുന്നു മെക്സിക്കോയിലെ പ്രമുഖ രാജ്യതന്ത്രജ്ഞൻ. അയാൾ ഭരണാധികാരിയായി. അഴിമതി നിറഞ്ഞ ഭരണം. അതിനെതിരായി വിപ്ലവമുണ്ടായി. വിപ്ലവത്തിന്റെ നേതാവായി വന്നത് ഫ്രാൻസീസ്കോ മാദേറോ (Francesco Madero) അയാൾ 1911 തൊട്ട് 1913 വരെ പ്രസിഡന്റായിരുന്നു. മാദേറോയെ പ്രതിയോഗികൾ 1913-ൽ വെടിവച്ചുകൊന്നു. പൊർഫീർയോ ദീആസിന്റെ ഡിക്റ്റേറ്റർഷിപ്പ് അവസാനിക്കാറായപ്പോൾ ലോറയുടെ അച്ഛന്റെ ആദ്യഭാര്യയിലെ മകൻ സാൻത്യാഗോ (Santiago) മാദേറോയുടെ അനുചരന്മാരാൽ വെടിവച്ചു കൊല്ലപ്പെട്ടു.



പൊർഫീർയോ ദീആസ്

ലോറ, ഒർലാൻദോയുടെ ഭാര്യയായി. വിരസമായ ദാമ്പത്യജീവിതമായിരുന്നു അവരുടേത്. ഒർലാൻദോക്ക് ശേഷം വിപ്ലവകാരിയായ ഹ്വാൻ ഫ്രാൻസീസ്കോയെ ലോറ ഭർത്താവായി സ്വീകരിച്ചു. ഭർത്താവുണ്ടെങ്കിലും ലോറയ്ക്ക് റിപ്പബ്ളിക്കനായ മോറയുമായി ലൈംഗികബന്ധം. ലോറയ്ക്ക് അറുപത് വയസ്സായി. അവൾ ഫോട്ടോഗ്രാഫിയിൽ യശസ്സാർജ്ജിക്കാൻ ശ്രമിക്കുമ്പോൾ ഫ്വേൻതേസിന്റെ വിരസമായ നോവൽ അവസാനിക്കുന്നു. എന്തുകൊണ്ട് വിരസം? ചരിത്രത്തിന്റെയും വിപ്ലവത്തിന്റെയും പ്രതിനിധികളായ കഥാപാത്രങ്ങൾ സാമൂഹികവും ചരിത്രപരവും പരിവർത്തനപരവുമായ അംശങ്ങൾ പ്രത്യക്ഷമാക്കി അനുവാചകരെ മറ്റൊരു ലോകത്തേക്കു ആനയിച്ചാലേ നോവൽ കലാപരമായ വിജയം കൈവരിക്കൂ. ഫ്വേൻതേസ് ചരിത്രാംശങ്ങളെയും വിപ്ലവാംശങ്ങളെയും കൃതഹസ്തതയോടെ ആവിഷ്കരിക്കുന്നു. പക്ഷേ, പ്രധാന കഥാപാത്രമായ ലോറയ്ക്കു അവയിൽ ആമഗ്നമാകാൻ കഴിയുന്നില്ല.

നാലുവിരലുകൾ മുറിക്കാൻ അനുമതി നല്കുന്നതിന്റെയും അവ മുറിച്ചെടുത്ത് തൊപ്പിയിൽ ഇടുന്നതിന്റെയും അവിശ്വാസ്യതയിലാണ് ഫ്വേൻതേസ് അഭിരമിക്കുന്നത്. “ഔറ”യിൽ അതുണ്ട്. അദ്ദേഹത്തിന്റെ മറ്റുള്ള നോവലുകളിലും അതു കാണാം. ഈ ലേഖകന്റെ ദൃഷ്ടിയിൽ ഈ നോവലിസ്റ്റ് ഇൻഫിരീയർ ആർടിസ്റ്റാണ്. ലാറ്റിനമേരിക്കൻ നോവലെന്ന് കേട്ടാൽ ചുവപ്പുകണ്ട നാടൻ കാളയെപ്പോലെ വിരണ്ടോടുന്നവർ നമ്മുടെ നാട്ടിൽ ഏറെയുണ്ട്. അവർക്കു ഞാൻ പറയുന്നതിനോടു യോജിക്കാൻ കഴിഞ്ഞില്ലെന്നു വരാം. സാരമില്ല. തോന്നുന്നതു പറയുന്നതിലാണല്ലോ വായനക്കാരന്റെ സത്യസന്ധതയിരിക്കുന്നത്. (The Years with Lawra Diaz, Carlos Fuentes, Translated from the Spanish by Alfred Mac Adam, Bloomsbury, pp. 516, Indian price £4.99 (Rs. 372.25))

മൂക്ക് പൊത്തു

“കലാശൂന്യം എന്നു നിങ്ങൾക്കു തോന്നുന്ന രചനകളെ മാന്യമല്ലാത്ത ഭാഷയിൽ വിമർശിക്കുന്നതു ശരിയാണോ?” എന്നൊരു വായനക്കാരൻ ബോംബെയിൽ നിന്ന് എഴുതിച്ചോദിച്ചിരിക്കുന്നു. മാന്യന്മാർ എഴുതുന്ന കത്തുകൾക്കുപോലും മറുപടിയെഴുതാൻ എനിക്കു സമയമില്ല. അതിനാൽ മറുപടി എഴുതാറുമില്ല. അവരെ അപമാനിക്കുകയാണ് ഞാൻ. എങ്കിലും വേറെ മാർഗ്ഗമില്ല. മറുപടി എഴുതാൻ തുടങ്ങിയാൽ അതിനേ സമയം കാണുകയുള്ളു. കോളം മുടങ്ങുകയും ചെയ്യും. ബോംബെയിലെ എഴുത്തുകാരൻ മലയാളസാഹിത്യം മാത്രം വായിക്കുകയും മലയാള സിനിമ മാത്രം കാണുകയും ചെയ്യുന്ന ആളാണ് എന്നതു വ്യക്തം. അതുകൊണ്ടു കൂടിയാണ് ഞാൻ ആ മനുഷ്യന്റെ എഴുത്തു കീറി ചവറ്റുകുട്ടയിലിട്ടത്. അദ്ദേഹം വിട്ടില്ല. പിന്നെയും കത്തയച്ചു. അത്യന്താധുനികർ ന്യൂനപക്ഷമല്ലേ? ന്യൂനപക്ഷഭർത്സനം മര്യാദകേടല്ലേ എന്നൊക്കെയാണ് കത്തിലെ ചോദ്യങ്ങൾ. ആ കത്തിനും മറുപടി അയയ്ക്കാതെ ഞാൻ എന്നോടുതന്നെ ചോദിച്ചു. സമുദായത്തിൽ ആഭാസന്മാർ, കൊലപാതകികൾ ഇവരൊക്കെയുണ്ട്. അവർ ന്യൂനപക്ഷമാണ്. ന്യൂനപക്ഷമായതുകൊണ്ട് നമുക്കു അവരെ പ്രോത്സാഹിപ്പിക്കാൻ കഴിയുമോ? സാഹിത്യത്തിലെ ഭൂരിപക്ഷത്തിന്റെ പ്രതിനിധിയായിട്ടാണ് ഈ കോളമിസ്റ്റ് എഴുതുന്നത്. ആധുനികതയെ പരിലാളിക്കുന്നവർ ന്യൂനപക്ഷമാണ്. അതിനെക്കുറിച്ച് ഒരു നല്ല വാക്കെങ്കിലും പറയാൻ പറ്റില്ല. പറഞ്ഞാൽ അത് ധർമ്മമാർഗ്ഗത്തിൽ നിന്നുള്ള വ്യതിചലനമായി വരും. ഈ ന്യൂനപക്ഷത്തിൽത്തന്നെ അതിന്റെ തത്ത്വചിന്തയോടു യോജിക്കാതെ ഒരു വിഭാഗം എഴുത്തുകാരുണ്ട്. അവരുടെ ജോലി പച്ചത്തെറി എഴുതുകയാണ് എന്നത്രേ. ആ വിഭാഗത്തിൽ പെടുന്ന മലയാളം വാരികയിൽ ‘പാഠഭേദം’ എന്ന രചനയിലൂടെ കലാഹിംസ നടത്തിയ എസ്. ശ്രീകുമാർ. മനുഷ്യന്റെ ഉൽപാദന പ്രക്രിയ ക്ലാസ്സിൽ പഠിപ്പിച്ച്, പഠിപ്പിച്ച് ഒരു പെൺകുട്ടിയെ മാനഭംഗപ്പെടുത്തുന്ന ഒരധ്യാപകനെക്കുറിച്ചാണ് ഈ dreadful rubbish. ഭയജനകമായ ഇത്തരം മാലിന്യം പതിവായി വായിച്ചാൽ വായിക്കുന്നവന്റെ മനുഷ്യത്വം നശിക്കും. അയാൾ മൃഗമായിത്തീരും. ഉച്ഛിഷ്ടങ്ങളും മലമുൾപ്പെടെയുള്ള കത്സിതവസ്തുക്കളും ഇടാൻ നഗരത്തിൽ നഗരസഭ ചില പെട്ടികൾ വച്ചിട്ടുണ്ട്. മൂക്കു പൊത്തിക്കൊണ്ടാണ് ഞാൻ അവയുടെ അടുത്തുകൂടെ നടക്കുന്നത്. മലയാളം വാരികയിലെ ഈ “ചെറുകഥ” ഞാൻ മൂക്കു പൊത്തിക്കൊണ്ടാണ് വായിച്ചുതീർത്തത്.

ചോദ്യം, ഉത്തരം

ചോദ്യം: ഏതു മനുഷ്യസ്വഭാവമാണ് ഏറ്റവും ഗർഹണീയം?

ഉത്തരം: സൗജന്യം എന്ന രീതിയിൽ സ്ത്രീയ്ക്കും പുരുഷനും കൗതുകപ്രദങ്ങളായ വസ്തുക്കൾ കൊടുത്തു നോക്കുക. അവർ പിന്നീട് തങ്ങൾക്കവ അവകാശപ്പെട്ടതാണ് എന്നു വിചാരിക്കും. ഒരു തവണ കൊടുത്തില്ലെങ്കിൽ നീരസം കാണിക്കും, ദേഷ്യപ്പെടും ചിലപ്പോൾ തെറി പറഞ്ഞെന്നും വരും (അവകാശമെന്ന പ്രയോഗിച്ചത് മലയാളത്തിൽ പ്രയോഗിക്കുന്ന രീതിയിൽ).

ചോദ്യം: വിപ്ലവകാരിയുടെ അന്ത്യം?

ഉത്തരം: ഏതു വിപ്ലവകാരിയും ഒടുവിൽ സ്വേച്ഛാധികാരിയായി മാറും.

ചോദ്യം: ചുംബനം?

ഉത്തരം: ഒരധമ പ്രക്രിയ. സ്ത്രീയെ പുരുഷൻ ചുംബിക്കുമ്പോൾ അയാൾക്കു തുപ്പലിന്റെ നാറ്റം സഹിച്ചാൽ മതി. പുരുഷൻ പുരുഷനെ ചുംബിക്കുന്നതു അധമാധമ പ്രക്രിയ. താടിരോമങ്ങൾ കുത്തിക്കയറും ചുംബിക്കുന്നവന്റെ മുഖത്ത്. താടി വളർത്തിയ നേതാവിനെ വേറൊരു രാജ്യത്തെ നേതാവ് കെട്ടിപ്പിടിച്ചു ഉമ്മവയ്ക്കുന്നതിന്റെ ദൃശ്യം എന്നിൽ അറപ്പും വെറുപ്പും ഉണ്ടാക്കും.

ചോദ്യം: നിങ്ങൾ ചിരിക്കാറില്ല എന്നു കെ. ആർ. ഗൗരി എറണാകുളത്ത് കൂടിയ ഒരു സമ്മേളനത്തിൽ പറയുന്നതു കേട്ടു ശരിയാണോ?

ഉത്തരം: കേരളം നരകമാണ്. നരകത്തിൽ ചിരിക്കാനൊക്കുമോ? ശ്രീമതി പറഞ്ഞതു ശരിയാണ്.

ചോദ്യം: നിങ്ങൾ പ്രാർത്ഥനയിൽ വിശ്വസിക്കുന്നുണ്ടോ?

ഉത്തരം: ഇല്ല, ഒരുത്തനെ ചതിച്ചിട്ട് ഈശ്വരനോട് മാപ്പുചോദിക്കുന്നതിൽ അർത്ഥമില്ല. ചതിച്ചാൽ അതിന്റെ reaction ഉണ്ടാകും. Every action has its reaction എന്നു ന്യൂട്ടൻ പറഞ്ഞതു ശരി. പ്രാർത്ഥനയും പശ്ചാത്താപവും റിയാക്ഷൻ ഇല്ലാതാക്കില്ല. കർമ്മസിദ്ധാന്തത്തിലാണ് എന്റെ വിശ്വാസം.

ചോദ്യം: റെയിൽവേ സവാരിയെക്കുറിച്ച് എന്താണ് അഭിപ്രായം?

ഉത്തരം: നാലുപേർ ഇരിക്കാവുന്ന സീറ്റിൽ എട്ടും ഒൻപതും ആളുകൾ ഇരിക്കേണ്ടിവരുന്ന രീതിയിൽ തീവണ്ടികൾ ഓടിക്കാനായി സംവിധാനം ഉണ്ടാക്കുന്നവർ പുരുഷന്മാർക്കു വൃഷണങ്ങൾ ഉണ്ടെന്ന് ഓർമ്മിക്കുന്നില്ല. തിരുവനന്തപുരത്തുനിന്നു കൊല്ലം വരെ യാത്ര ചെയ്യുന്നവന്റെ വൃഷണങ്ങൾ ഉടഞ്ഞുപോകും.

ചോദ്യം: നിങ്ങൾ പാട്ടുമോ?

ഉത്തരം: പാട്ടും. പക്ഷേ, കോളേജുകളിൽ മ്യൂസിക് പ്രഫെസർമാർ പാട്ടുന്നതുപോലെയിരിക്കും അത്. കാളകളേ അത് ആസ്വദിക്കുകയുള്ളു.

ചോദ്യം: കേരളത്തിന്റെ ശാപമെന്താണ്?

ഉത്തരം: ജ്യോത്സ്യന്മാർ കൂടിക്കൂടി വരുന്നു. ഒരു വിവാഹവും അവർ നടത്താൻ സമ്മതിക്കില്ല ഇത്ര വയസ്സിൽ മരിക്കുമെന്ന് പറഞ്ഞ് ആളുകളെ പേടിപ്പിക്കുന്നവർ. കരിച്ചൽ കേശവൻ എന്ന വലിയ ജ്യോത്സ്യനാണ് എന്റെ ജാതകമെഴുതിയത്. അതിൽ അറുപതാമത്തെ വയസ്സിൽ ഞാൻ മരിക്കുമെന്ന് അസന്ദിഗ്ദ്ധമായി പറഞ്ഞിരുന്നു. അറുപതു വയസ്സ് കഴിഞ്ഞയുടനെ ഞാൻ ആ ജാതകം തീയിലേക്കു എറിഞ്ഞു. എനിക്കു ഇപ്പോൾ എൺപതു വയസ്സായി. ജ്യോത്സ്യം demoralization ഉണ്ടാക്കുന്നു.

ചെറുത് സുന്ദരം



ഫ്രാൻസീസ്കോ മാദേറോ

“Work expands so as to fill the time available for its completion” എന്ന പാർക്കിൻസൺ നിയമം പ്രഖ്യാതമാണ്. നിങ്ങൾക്കു വീട്ടിൽ പുസ്തകങ്ങൾ അടുക്കി അലമാരിയിൽ വയ്ക്കണമെങ്കിൽ അരമണിക്കൂർ കൊണ്ട് അതു ചെയ്യാം. ഒരു മാസം കൊണ്ടും അതു ചെയ്യാം. സമയത്തിൽ ഒതുങ്ങത്തക്കവിധത്തിൽ ജോലി വികസിക്കും. ഈജിപ്പിലെ അംബാസഡർ സർദാർ കെ. എം. പണിക്കരോടു ഞാൻ ചോദിച്ചു. “അങ്ങ് അംബാസഡർ, എത്ര ‘ബിസി’ ആയിരിക്കും അങ്ങെന്ന് എനിക്കറിയാം. എങ്കിലും ജിജ്ഞാസയാൽ ചോദിക്കുകയാണ്. സാഹിത്യപ്രവർത്തനങ്ങളുമുണ്ടല്ലോ അങ്ങയ്ക്ക്. ഇതിനു സമയം കണ്ടെത്തുന്നത് എങ്ങനെ?” ‘The busiest man has time to spare’ എന്ന അദ്ദേഹം മറുപടി നല്കി. എന്നിട്ട് അദ്ദേഹം എന്നോട് ഒരു ചോദ്യം ചോദിച്ചു. “നിങ്ങൾക്ക് ഈശ്വരവിശ്വാസമുണ്ടോ?” എന്റെ ഉത്തരത്തിനു കാത്തുനില്ക്കാതെ അദ്ദേഹം തുടർന്നുപറഞ്ഞു. “ഞാൻ ദേവിക്ഷേത്രത്തിൽ പോയി ധ്യാനനിരതനായി കുറെനേരം നില്ക്കും. അതു mental concentration എനിക്കു നല്കും. അമ്പലത്തിൽ പോകാൻ വയ്യെങ്കിൽ ചുവരിൽ ഒരു വൃത്തം വരച്ച് അതിന്റെ നടുവിൽ ഒരു കുത്തിട്ട് അതിനെ കുറെനേരം നോക്കിക്കൊണ്ടു നിന്നാൽ മതി. ആ ഏകാഗ്രത നിങ്ങൾക്ക് ഉണ്ടാകും എന്ന് ഉറപ്പ്. എനിക്ക് ഈ ഏകാഗ്രതയുണ്ട്. അതുകൊണ്ടാണ് ഞാൻ അംബാസഡർ ജോലി നോക്കുന്നതും സാഹിത്യ കൃതികൾ എഴുതുന്നതും.”

ഈ ഏകാഗ്രതയുടെ കുറവുകൊണ്ടാണ് ഗൗതമൻ ദീർഘങ്ങളായ കഥകൾ രചിക്കുന്നത്. ഡോക്ടർ ലീലാവതി സുദീർഘങ്ങളായ പ്രബന്ധങ്ങൾ എഴുതുന്നത്. രണ്ടു പേർക്കും മിതം ച സാരം ച വചോ ഹി വാഗ്മിതാ എന്ന സാരസ്യതരഹസ്യം അറിഞ്ഞുകൂടാ. ഗൗതമൻ ‘ഭാഷാപോഷിണി’യിലെഴുതിയ ‘സുഭദ്രമാർ’ എന്ന കഥ വായിക്കുക. ഹാസ്യത്തിന്റെ ചാരുതയുണ്ടായിരുന്നെങ്കിൽ അതു ഉത്കൃഷ്ടമായ കഥയാകുമായിരുന്നു. ഭർത്താവിനെ അന്വേഷിച്ചു പോകുന്ന സ്ത്രീയെ സഹായിക്കാൻ ഒരാൾക്കു കഴിയാതെ വരുന്ന സംഭവം ഈ ദീർഘതയിലും നമ്മളെ സ്പർശിക്കുന്നു. വേണ്ടാത്ത വർണ്ണനകളും സംഭാഷണങ്ങളും ഒഴിവാക്കി പ്രതിപാദ്യവിഷയത്തെ കേന്ദ്രസ്ഥാനത്തു നിറുത്തി, ഏകാഗ്രതയോടെ ആഖ്യാനം നിർവഹിച്ചിരുന്നെങ്കിൽ വായനക്കാരന്റെ മനസ്സിൽ ഉത്കണ്ഠ സൃഷ്ടിക്കാമായിരുന്നു ഗൗതമന്. ഇപ്പോഴത്തെ നിലയിൽ അദ്ദേഹം വാവദൂകതയിൽ അഭിരമിക്കുന്നു എന്നേ പറയാനുള്ളു. ജി. ശങ്കരക്കുറുപ്പിന്റെ കോസ്മിക് വിഷനെക്കുറിച്ച് എഴുതിയാലും സച്ചിദാനന്ദന്റെ കത്സിതമായ പദ്യത്തെക്കുറിച്ചെഴുതിയാലും ഡോക്ടർ ലീലാവതി വളരെപ്പറയുന്ന രീതി സ്വീകരിക്കുന്നു. ശങ്കരക്കുറുപ്പിനെ വാഴ്ത്തുന്ന ഋലിക എങ്ങനെയാണ് സച്ചിദാനന്ദനെയും വാഴ്ത്തുന്നത് എന്ന വായനക്കാരനായ എനിക്ക് അമ്പരപ്പ്. രണ്ടും Sincere അല്ല എന്നു തോന്നൽ വായനക്കാരനുണ്ടായാൽ അയാളെ കുറ്റപ്പെടുത്തേണ്ടതില്ല. തെങ്ങിൽക്കയറുന്നവൻ ഓലയുടെ മധ്യഭാഗത്തുനിന്ന് ഒരുഭാഗം ഉരിച്ചെടുത്ത് വട്ടത്തിലാക്കി കാലിലിട്ടുകൊണ്ട് കയറുമല്ലോ. അതിനെ തിരുവനന്തപുരത്തു ‘ത്ലായ്പ്പ്’ എന്നുപറയും. അതു തന്നെ ഇട്ടുകൊണ്ട് കമുകിൽ കയറാൻ ഒക്കുകില്ല. ശങ്കരക്കുറുപ്പിനും സച്ചിദാനന്ദനും അതു പുപ്പണിക്കർക്കും സുഗതകുമാരിക്കും ഒരേ ത്ലായ്പ്പ് ലീലാവതി ഉപയോഗിക്കുന്നത്. ഹിമാലയത്തെക്കുറിച്ചെഴുതുമ്പോൾ ശ്രീമതി പത്തു പുറം എഴുതുന്നത് മനസ്സിലാക്കാം. മൊട്ടുസൂചിയെക്കുറിച്ചെഴുതുമ്പോഴും പത്തുപുറമോ അതിൽക്കൂടുതലോ എഴുതുന്നത് മനസ്സിലാക്കാനാവില്ല. “കലയിലെ വൈരൂപ്യത്തെക്കുറിച്ച് എഴുതാൻ ഒരുപാട് ആളുകൾ ഉണ്ട്. ഞാൻ അവയിലെ നന്മയെക്കുറിച്ച് മാത്രം എഴുതുന്നു” എന്ന ലീലാവതി പല പ്പോഴും പറയാറുണ്ട്. ലോകത്തിൽ സുന്ദരികൾ കുറവ്. വൈരൂപ്യമുള്ള സ്ത്രീകളാണ് കൂടുതലും. അതു പോലെ രചനകളിൽ വൈരൂപ്യം മുന്നിട്ടു നില്ക്കുന്നു. സൗന്ദര്യം ന്യൂനപക്ഷത്തിനാണുള്ളത്. വസ്തുത അങ്ങനെയിരിക്കെ ഞാൻ എല്ലാക്കൃതികളിലെയും നന്മയെ വാഴ്ത്തുന്നു എന്നു പറയുന്നത് ഹിപൊക്രസി അല്ലേ?

പച്ചക്കുതിര

തിരുവനന്തപുരത്ത് ക്രൂരനായ ഒരുദ്യോഗസ്ഥനുണ്ടായിരുന്നു. ഉദ്യോഗസ്ഥന്റെ ഓഫീസിൽ കന്റിൻജൻസി (Contingency) പണമുണ്ട്. ആകസ്മികമായി വരുന്ന ചെലവുകൾക്ക് ആ പണമെടുത്തു കൊടുക്കാൻ ഉദ്യോഗസ്ഥന് അധികാരമുണ്ട്. ആ കൊടുക്കലിൽ സർക്കാർ ഇടപെടുകയില്ല. ദുശ്ശാസനത്തിനു സുചേതാ പ്രതീകമായ ഉദ്യോഗസ്ഥൻ വീട്ടിലെ അഴുക്കുവസ്ത്രങ്ങൾ നനച്ചു വെളുപ്പിക്കാൻ അന്തസ്സുള്ള ഒരു യുവാവിനെ നിയമിച്ചു. അയാളുടെ ശമ്പളം കന്റിൻജൻസിയിൽ നിന്ന്.

ലീലാവതി

ഒരു ദിവസം കൊച്ചമ്മയ്ക്ക്—ഉദ്യോഗസ്ഥന്റെ ഭാര്യയ്ക്ക്—വസ്ത്രങ്ങൾ വെളുത്തില്ല എന്നു തോന്നലുണ്ടായി അവർ വസ്ത്രങ്ങളെടുത്തു ദൂരെയെറിഞ്ഞ് അട്ടഹസിച്ചു. ‘വെളുത്തില്ല മുണ്ടുകളും മറ്റും. ഒന്നുകൂടെ അടിച്ചു നനച്ചു കൊണ്ടുവരു’ (അലക്കുക എന്ന അർത്ഥത്തിൽ തിരുവനന്തപുരത്തുകാർ പറയുന്നത് അടിച്ചുനനയ്ക്കുക എന്നാണ്). ആ ‘മറ്റും’ പ്രയോഗത്തിൽ ഉദ്യോഗസ്ഥന്റെ വീതിയാർന്ന കോണകവും ഉൾപ്പെടും. കന്റിൻജൻസി പ്യൂൺ വിനയത്തോടെ അറിയിച്ചു. “കൊച്ചമ്മ, എന്നാലാവും വിധം ഞാൻ വെളുപ്പിക്കാൻ ശ്രമിച്ചു. ഇതുയേ വെളുക്കൂ.” ഭാവിദിവാൻ കേശവദാസ് അരത്തമ്പ്പുള്ള അത്തച്ചിയുടെ പരിചാരകനായി അവരുടെ വീട്ടിൽ നില്ക്കുകയായിരുന്നു (ധർമ്മരാജാ എന്ന നോവൽ). കൈയിലിരുന്ന തവികൊണ്ട് ബാലനായ പരിചാരകന്റെ തലയിൽ അവർ ആഞ്ഞടിച്ചിട്ട് വീട്ടിനകത്തേക്കു കയറിപ്പോയി. തവി കൈയിലില്ലായിരുന്നു ഉദ്യോഗസ്ഥഭാര്യക്ക്, അവർ അതിനാൽ കോപത്തോടുകൂടി കൈകൾ വീശി വീട്ടിനകത്തേക്കു തിടുക്കത്തിൽ നടന്നുപോയി. വൈകുന്നേരം ഭർത്താവു വന്നപ്പോൾ അവർ പൊടിപ്പും തൊങ്ങലും വച്ച് അയാളോടു പരാതി പറഞ്ഞു. “അവനെ വിളിക്ക്” എന്നായി അങ്ങേർ. പഞ്ചപുച്ഛമടക്കി പ്യൂൺ വന്നുനിന്നു. “നീ നാളെ മുതൽ വരണ്ട. ഡിസ്മിസ് ചെയ്തിരിക്കുന്നു നിന്നെ” എന്ന് തൊണ്ട പൊട്ടുമാറ് ഉദ്യോഗസ്ഥൻ ആക്രോശിച്ചു. പാവം പ്യൂൺ പേശ്രൂർക്കട ജങ്ഷനിലിരുന്നു തെണ്ടാൻ തുടങ്ങി. ഞാൻ അയാൾക്കു രൂപ കൊടുക്കാനായി പേശ്രൂർക്കടയിൽ പോകുമായിരുന്നു. ഒടുവിൽ പുണ്ണുകൾ വന്നു അയാളുടെ ശരീരത്തിലാകെ അതിഭയങ്കരമായ നാറ്റവും. ശ്വാസമെടുക്കാതെ ഞാൻ കറൻസിനോട്ട് അയാളുടെ മുൻപിൽ കനിഞ്ഞ് ഇട്ടമായിരുന്നു. ചില ദിവസങ്ങൾ കഴിഞ്ഞ് അയാളെ കാണാതെയായി, മരിച്ചിരിക്കും.

വീട്ടുകാരി അഭിലഷിച്ച വെൺമ വസ്ത്രങ്ങൾക്കു വരാത്തതുകൊണ്ട് പ്യൂണിനെ മരണത്തിലേക്കു നയിച്ച ഉദ്യോഗസ്ഥനെപ്പോലെ ‘പച്ചക്കുതിര’ എന്ന പേരിൽ ക്യാൻസർ പിടിച്ച പ്രസാധനത്തിന്റെ അധിപർ അതിനെ അംഗീകരിക്കാത്തവരെ ശകാരിക്കുന്നു. “മാധ്യമപ്രതികരണങ്ങളായി വന്നത് നിർഭാഗ്യവശാൽ ചില വ്യക്തികളുടെ വിദ്വേഷപ്രകടനങ്ങൾ മാത്രമായിരുന്നു” എന്ന് അദ്ദേഹത്തിന്റെ ഉപാലംഭം (ഭാഗ്യക്കേട് എന്ന അർത്ഥത്തിൽ ദൗർഭാഗ്യം എന്ന പ്രയോഗിക്കണം—ലേഖകൻ). രചനകൾ കലാത്മകങ്ങളല്ല എന്നു പരോക്ഷമായിപ്പറഞ്ഞാൽ അതിനെ വിദ്വേഷപ്രകടനമായി കാണുന്നത് എഡിറ്ററുടെ വിദ്വേഷപ്രകടനമല്ലേ?

(എഡിറ്ററുടെ മറ്റു തെറ്റുകൾ: ബെൻയാമിൻ തെറ്റ്, ബെൻയാമിൻ ശരി. ഈറ്റാലോ കാൽവിനോ തെറ്റ്. ഇറ്റാലോ കൽവിനോ ശരി. രൂപീകരിക്കപ്പെടുക മുട്ടൻ തെറ്റ്, രൂപവത്കരിക്കുക ശരി—ലേഖകൻ.)

സ്വന്തമായ മുഴക്കോൽ വച്ച് സാഹിത്യത്തെ അളക്കുന്ന എഡിറ്റർ monstrous mistake-ൽ പെട്ടിരിക്കുന്നു. നേരേചൊവ്വേ എഴുതുന്നവർ ഒഴിച്ചാൽ (സക്കറിയ അങ്ങനെയുള്ള ഒരെഴുത്തുകാരൻ) ശേഷമുള്ളവർ എല്ലാവരും ഫെയ്ക്കുകളാണ്.

കരച്ചിൽ
അവൻ മരിച്ചു. അവൾ കരഞ്ഞില്ല
അവൻ മരിച്ചു. എങ്കിലും അവൾ കരഞ്ഞില്ല
അവൻ മരിച്ചു. പക്ഷേ അവൾ കരഞ്ഞില്ല
അവൾ എന്തിന കരയണം?

എന്ന് ഒരു കവിത!! ‘പച്ചക്കുതിര’യുടെ പതിനാലാം പുറത്ത്. ഈ monstrosity രാവണന്റെ ലങ്കയിൽപ്പോലും കവിതയായി അംഗീകരിക്കപ്പെടുമോ? സാഹിത്യത്തെ സ്നേഹിക്കുന്നവർ, അക്ഷരമറിയാവുന്നവർ, അക്ഷരമൃഗ്യന്മാർ ഇവരിൽ ആരെങ്കിലും ഈ വരികളെ കവിതയായി സ്വീകരിക്കുമോ? ‘പച്ചക്കുതിര’ എന്ന പ്രസാധനാഭാസം കണ്ടു ഞാൻ തരിക്കുന്നു. ശപിക്കുന്നു. മലയാള സാഹിത്യത്തെ വ്യഭിചരിക്കുന്ന ഒരു പ്രസാധനമാണിത് (പക്ഷേ എന്നതു ‘കവി’യുടെ തെറ്റാകാം. അച്ചടിത്തെറ്റുമാകാം. ‘പക്ഷേ’ എന്നുവേണം. പക്ഷേ, എന്നത് സംസ്കൃതപ്രയോഗമാണ്. പക്ഷത്തിൽ എന്ന് അതിനർത്ഥം. സംസ്കൃത ഭാഷയിൽ ഹ്രസ്വമായ ‘എ’ ഇല്ല).

നിരീക്ഷണങ്ങൾ

1. ഇതു വേനൽക്കാലമോ മഴക്കാലമോ? ഏതു കാലമായാലും വലിയ മഴ പെയ്യുമ്പോൾ തുറന്നിട്ട ജനലിലൂടെ കറുത്ത വണ്ട് ഞാനിരിക്കുന്ന മുറിയിൽ കടന്നുവന്നു ശബ്ദമുണ്ടാക്കും. തറയിൽ കൈ കൊണ്ടടിച്ച് അതിനെ ഞാൻ താഴെ വീഴ്ത്തും. അപ്പോൾ ആയിരം കാലുകൾ മോല്പോട്ടാക്കി അവ ചലിപ്പിച്ചു വണ്ടുകിടക്കും. പുറംതിരിഞ്ഞുള്ള ആ കിടപ്പിൽ നിന്നു മാറി പഴയ രീതിയിലാകാൻ വണ്ട് ശ്രമിക്കാറുണ്ട്. ഏതു ശ്രമവും നിഷ്ഫലം. പക്ഷേ, എനിക്കതിനെ ചവിട്ടിക്കൊല്ലാൻ മനസ്സ് സമ്മതം തരാറില്ല. ശബ്ദം അസഹനീയമാണെങ്കിൽ റ്റംബ്ളർ എടുത്തു ഞാൻ അതിനെ മൂടിവയ്ക്കും കാലത്ത് ജോലിക്കാരൻ അടിച്ചുവാരാൻ വരുമ്പോൾ വണ്ടിനെ തുത്തെറിയും. നിസ്സഹായത കണ്ടാൽ അതിന്റെ പേരിൽ നമ്മളാരും തന്നെ വധം നടത്താറില്ല. പക്ഷേ, വണ്ടിനെ പരിഗണിക്കാറുമില്ല. വീട്ടിലൊരു രോഗിയുണ്ടെങ്കിൽ, ആ രോഗം ഭേദമാകില്ലെങ്കിൽ ദയാവധം എന്നൊരാശയം പോലും നമ്മളിൽ ഉണ്ടാവില്ല. വണ്ടിനെയെന്ന പോലെ terminal രോഗമുള്ള ആളിനെ പരിഗണിച്ചില്ലെന്നു വരും. അതുതന്നെ ക്രൂരതയല്ലേ? അതേ കാഫ്കായുടെ ഒരു കഥയിൽ ഒരുത്തൻ ഷഡ്പദമായി മാറുന്നതായി പ്രസ്താവം. ആദ്യമൊക്കെ അതിനോടു സഹതാപം. ആ വികാരം ക്രമേണ ഇല്ലാതാവുന്നു. ആപ്പിൾ എടുത്ത് ഗൃഹനായകൻ അതിന്റെ പുറത്തെറിഞ്ഞ് ക്ഷതം വരുത്തുന്നു. മനുഷ്യന്റെ ക്രൂരത ഒരു പരിധി കഴിഞ്ഞാൽ പ്രകടീഭവിക്കും.
2. ഞാൻ മലയാളനാടു വാരികയിൽ എഴുതിക്കൊണ്ടിരുന്ന കാലം. അതിൽ അച്ചടിച്ചുവന്ന ഒരത്യന്താധുനിക കവിതയുടെ അർത്ഥം എനിക്കു തീരെ മനസ്സിലായില്ല. പത്രാധിപരോടു ചോദിച്ച് (വി. ബി. സി. നായരല്ല ആ പത്രാധിപർ) മനസ്സിലാക്കാമെന്നു തീരുമാനിച്ച് അദ്ദേഹത്തെ റ്റെലിഫോണിൽ വിളിച്ചു. ‘I don’t understand it myself’ എന്നായിരുന്നു മറുപടി. അത്രയും സത്യസന്ധത അദ്ദേഹം കാണിച്ചു. വാരികകളിൽ വരുന്ന എല്ലാ അത്യന്താധുനിക കവിതകളുടെയും സ്ഥിതി ഇതാണ്. പത്രാധിപർക്കു മനസ്സിലായിട്ടല്ല അദ്ദേഹമവ പ്രസിദ്ധപ്പെടുത്തുന്നത്. നിരൂപകർ അത്തരം കവിതകൾ അപഗ്രഥിച്ച പ്രബന്ധങ്ങൾ എഴുതുന്നത് പിന്നെങ്ങനെ എന്ന ചോദ്യമുണ്ടാകാം. നിരൂപകൻ കവിയോടുതന്നെ ചോദിക്കും കവിതയുടെ അർത്ഥമെന്തെന്ന്. കവി അതു വിശദീകരിക്കും. അതു പകർത്തിവയ്ക്കുകയാണ് നിരൂപകൻ. അങ്ങനെയുമുണ്ട് സാഹിത്യത്തിലെ ഹിപൊക്രസി.
3. ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ ബുദ്ധിശക്തിയെ ഞാൻ ആദരിക്കുന്നു. ഞാൻ അതുകൊണ്ട് അദ്ദേഹവുമായി റ്റെലിഫോണിൽ സംസാരിക്കാറുണ്ട്. ഏതു വിഷയത്തെക്കുറിച്ചു പറഞ്ഞാലും ബാലചന്ദ്രന് ഒറിജിനൽ ആശയങ്ങൾ കാണും ആവിഷ്കരിക്കാൻ. അവ എനിക്ക് ആഹ്ലാദമരുളും.



ബാലചന്ദ്രൻ ചുള്ളിക്കാട്

രണ്ടു ദിവസം മുൻപ് ഞാൻ അദ്ദേഹത്തോടു റ്റെലിഫോണിൽ സംസാരിച്ചു. അപ്പോൾ അദ്ദേഹം ഒരു യഥാർത്ഥസംഭവത്തെക്കുറിച്ചു പറഞ്ഞു. ഹിമാലയപർവ്വതത്തിന്റെ അടുത്തുനിന്ന് ബാലചന്ദ്രൻ കപിലവാസ്തുവിലേക്കു നടക്കുകയായിരുന്നു. മാർഗ്ഗമധ്യേ അദ്ദേഹത്തിന് അഭ്യസ്തവിദ്യനായ ഒരു കൂട്ടുകാരനെ കിട്ടി. സംസാരിച്ചു രസിച്ച് അവർ നടന്നപ്പോൾ ബാലചന്ദ്രനു വല്ലാത്ത ദാഹം. വഴിവക്കിൽ ജീർണ്ണിച്ച കുടിൽ. അവർ അതിന്റെ മുൻപിൽ നിന്നു. ബാലചന്ദ്രന്റെ കൂട്ടുകാരൻ ഏതോ ഭാഷയിൽ വെള്ളം ചോദിച്ചു മറുപടി അതേ ഭാഷയിലുണ്ടായി. ‘വെള്ളമില്ല’ എന്നു പറഞ്ഞ് കൂട്ടുകാരൻ നടന്നു. ബാലചന്ദ്രനും. ബാലചന്ദ്രൻ നീരസത്തോടെ പറഞ്ഞു. “കുറച്ചു വെള്ളം ചോദിച്ചിട്ട് ഇല്ല എന്നു പറഞ്ഞു ആ സ്ത്രീ, ഇതെന്തൊരു നാട്!” കൂട്ടുകാരൻ ബാലചന്ദ്രനെ അറിയിച്ചു. “അവർ വെള്ളമില്ല എന്നല്ല പറഞ്ഞത്. വസ്ത്രമില്ലാത്തതുകൊണ്ട് കുടിലിനു പുറത്തേക്കു വരാൻ ഒക്കുകില്ലെന്നാണ്.”

ലക്ഷക്കണക്കിനു രൂപ ചെലവാക്കി താമസസ്ഥലങ്ങൾ മോടി പിടിപ്പിക്കുകയും പുതിയ കാറുകൾ വാങ്ങി സഞ്ചരിക്കുകയും ചെയ്യുന്നവർ ഈ സംഭവത്തെക്കുറിച്ച് ഒന്നാലോചിച്ചു നോക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്‌ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBRARY
empowering the author ...

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്യു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/ സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.